LIBRARY ARCHIVES Kerala Legislative Assembly

കക്കത്തൊഴിലാളി സഹകരണ സംഘങ്ങൾ

7 [2134] ഡോ. തോമസ് ഐസക്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര കക്കത്തൊഴിലാളി സഹകരണ സംഘങ്ങൾ ഉണ്ടെന്നും ഇതിൽ എത്രയെണ്ണം നിലവിൽ പ്രവർത്തിക്കുന്നുവെന്നും ഇവയിൽ ആകെ എത്ര അംഗങ്ങൾ ഉണ്ടെന്നുമുള്ള ജില്ല തിരിച്ച് കണക്ക് ലഭ്യമാക്കുമോ;

(ബി) സംഘങ്ങൾ നേരിടുന്ന പ്രശ്നങ്ങൾ എന്തെല്ലാമാണെന്നും അവ പരിഹരിക്കുന്നതിന് ഈ സർക്കാർ വന്നശേഷം എന്തെല്ലാം നടപടികൾ കൈക്കൊണ്ടുവെന്നും വിശദമാക്കാമോ;

(സി) കരപ്പുറം വെള്ള കക്കാ വ്യവസായ സഹകരണസംഘം സർക്കാരിന് നിവേദനം സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ അതിനുമേൽ എന്തു നടപടി സ്വീകരിച്ചുവെന്നും പണം എപ്പോൾ നൽകുമെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) വിവരം ശേഖരിച്ച് നൽകുന്നതാണ്.

(ബി) പ്രശ്നങ്ങളെപ്പറ്റിയും പരിഹാരമാർഗ്ഗങ്ങളെപ്പറ്റിയും അന്വേഷിച്ച് റിപ്പോർട്ട് സമർപ്പിക്കാനായി ആലപ്പുഴ, കോട്ടയം എന്നീ ജില്ലകളിലെ ജില്ലാ വ്യവസായകേന്ദ്രം ജനറൽ മാനേജർമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. അവരിൽനിന്നുള്ള റിപ്പോർട്ട് ലഭിച്ചശേഷം വിശദമായ മറുപടി നൽകുന്നതാണ്.

(സി) കരപ്പുറം വെള്ളകക്കാ വ്യവസായ സഹകരണസംഘം സഹകരണ വകുപ്പിന്റെ കീഴിൽ വരുന്ന സംഘമായതിനാൽ നിവേദനത്തെപ്പറ്റി അന്വേഷിക്കുന്നതിനും നടപടികൾക്കുമായി സഹകരണവകുപ്പുമായി നേരിട്ട് ബന്ധപ്പെടണമെന്ന് തൊഴിലാളി യൂണിയനെ വ്യവസായ വാണിജ്യ ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

എസ്. സി./എസ്. ടി. വിഭാഗത്തിൽപ്പെട്ടവരും വനിതകളും വികലാംഗരും എന്റർപ്രണർമാരായിട്ടുള്ള ചെറുകിട വ്യവസായ സംരംഭങ്ങൾ

8 [2135] ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എസ്. സി./എസ്. ടി. വിഭാഗത്തിൽപ്പെട്ടവരും വനിതകളും വികലാംഗരും എന്റർപ്രണർമാരായിട്ടുള്ള എത്ര ചെറുകിട വ്യവസായ സംരംഭങ്ങൾ സംസ്ഥാനത്തുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഇവയുടെ ആകെ പ്രവർത്തന മൂലധനം എത്രയുണ്ടാകുമെന്നാണ് കണക്കാക്കപ്പെട്ടിട്ടുള്ളത്;

(സി) ഇവയുടെ ആകെ വിറ്റുവരവ് എത്രയാണെന്ന് അറിയിക്കാമോ;

(ഡി) ദുർബല ജനവിഭാഗങ്ങൾക്ക് വ്യവസായ സംരംഭങ്ങൾ ആരംഭിക്കുവാനും നടത്തിക്കൊണ്ടുപോകുവാനും എന്തെല്ലാം ആനുകൂല്യങ്ങളാണ് വ്യവസായ വകുപ്പ് നൽകിവരുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ—സി) വിവരം ശേഖരിച്ച് നൽകുന്നതാണ്.

(ഡി) നെഗറ്റീവ് ലിസ്റ്റിൽപ്പെടാത്ത ചെറുകിട വ്യവസായ യൂണിറ്റുകൾക്ക് നൽകുന്ന സംസ്ഥാന മൂലധന സബ്സിഡിക്കുപുറമേ പട്ടികജാതി/പട്ടികവർഗ്ഗക്കാർ, സ്ത്രീകൾ, വികലാംഗർ എന്നീ വിഭാഗങ്ങളിൽപ്പെട്ടവർക്ക് 5 ശതമാനം അധിക സംസ്ഥാന മൂലധന സബ്സിഡി (പരമാവധി 1 ലക്ഷം രൂപ) നൽകുന്നു.

കക്ക എടുക്കുവാൻ അനുമതി

9 [2136] ഡോ. തോമസ് ഐസക്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഏതെല്ലാം സ്ഥലങ്ങളിൽനിന്നുമാണ് കക്ക എടുക്കുവാൻ അനുമതി നൽകിയിട്ടുള്ളതെന്നും അവ ഓരോന്നിന്റെയും വിസ്തീർണ്ണം എത്രയെന്നും വെളിപ്പെടുത്തുമോ;

(ബി) അനുമതി നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്നും നിലവിൽ ആർക്കെല്ലാം എത്ര വർഷത്തേക്കാണ് അനുമതി നൽകിയിട്ടുള്ളതെന്നും വ്യക്തമാക്കുമോ;

(സി) കക്ക എടുക്കുന്നതിന് പരിധികൾ എന്തെങ്കിലും നിശ്ചയിച്ചിട്ടുണ്ടോ; എങ്കിൽ അവ എന്തെല്ലാമാണെന്നും ഇത് മോണിറ്റർ ചെയ്യുന്നതിനുള്ള സംവിധാനങ്ങൾ എന്തെല്ലാമാണെന്നും വിശദമാക്കുമോ;

(ഡി) കക്ക എടുക്കുന്നതിനുള്ള റോയൽറ്റി ഇനത്തിലും സംസ്ക്കരിച്ച് വിപണനം ചെയ്യുന്നതിലൂടെയുള്ള വിൽപ്പന നികുതി ഇനത്തിലും 1996-1997 മുതൽ 2003-2004 വരെ സർക്കാരിന് എന്ത് തുക വീതം ഓരോ വർഷവും ലഭിച്ചുവെന്ന് വ്യക്തമാക്കുമോ;

(ഇ) പരമ്പരാഗതമായി കക്ക വാരി ഉപജീവനം കഴിക്കുന്ന തൊഴിലാളികളുടെ പരിരക്ഷയ്ക്ക് സർക്കാർ എന്തെല്ലാം ക്ഷേമപദ്ധതികളാണ് നടപ്പിലാക്കി വരുന്നതെന്ന് വിശദമാക്കുമോ;

(എഫ്) ഇതിനായി 1996-97 മുതൽ 2003-2004 വരെയുള്ള ഓരോ വർഷവും എന്തുതുക വീതം ചെലവഴിച്ചുവെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ—സി) സംസ്ഥാനത്ത് ആലപ്പുഴ-കോട്ടയം ജില്ലകളിലായി വ്യാപിച്ചുകിടക്കുന്ന വേമ്പനാട് കായലിൽനിന്നുമാണ് കക്ക എടുക്കുവാൻ മൈനിംഗ് ലീസ് നൽകിയിട്ടുള്ളത്. ഓരോന്നിന്റേയും വിസ്തീർണ്ണം, വാരാനനുമതി നൽകിയിട്ടുള്ള സ്ഥലം, സർവേ നമ്പർ, അനുവദിച്ചിട്ടുള്ള കാലയളവ് ഇവ അനുബന്ധമായി ചേർത്തിട്ടുണ്ട്.† ഖനനം ചെയ്യാനുള്ള മൈനിംഗ് ലീസ് കേന്ദ്രസർക്കാരിന്റെ 1957-ലെ മൈൻസ് ആന്റ് മിനറൽസ് (റഗുലേഷൻ ആന്റ് ഡവലപ്മെന്റ്) ആക്ട്, 1960-ലെ എം. സി. റൂൾസ് എന്നിവയിൽ നിഷ്ക്കർഷിച്ചിട്ടുള്ള വ്യവസ്ഥകൾക്കനുസൃതമായാണ് നൽകിവരുന്നത്. കൂടാതെ ഓരോ ഖനിക്കും അംഗീകരിച്ച മൈനിംഗ് പ്ലാനിൽ കാണിച്ചിട്ടുള്ള മാനദണ്ഡങ്ങൾക്കനുസൃതമായി മാത്രമേ ഖനനം ചെയ്യാൻ പാടുള്ളൂ.

† നിയമസഭാ ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly